(ബി) 24-7-2021 വരെ മേൽപ്പറഞ്ഞ സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര കേസ്സുകളാണ് കോടതികളിൽ തീർപ്പുകല്പിക്കാനുള്ളത് എന്ന വിവരം ലഭ്യമാക്കാമോ?

24-7-2021 വരെ കോടതികളിൽ തീർപ്പാക്കാനുമുള്ള കേസ്സുകളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

ഭീകരസംഘടനകളുടെ റിക്രൂട്ടിംഗ്

73 (3100) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് മേധാവിയുടെ പദവിയിലിരിക്കെ ശ്രീ.ലോക്നാഥ് ബെഹ്റ നടത്തിയ കേരളം ഭീകരസംഘടനകളുടെ റിക്രൂട്ടിംഗ് ലക്ഷ്യം എന്ന പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരളം ഭീകരസംഘടനകളുടെ റിക്രൂട്ടിംഗ് ലക്ഷ്യം എന്ന നിലയ്ക്കുള്ള റിപ്പോർട്ടുകളൊന്നും സർക്കാരിന് പോലീസ് സമർപ്പിച്ചിട്ടില്ല.

(ബി) ആയത് സംബന്ധിച്ച വിശദാംശം സർക്കാരിന് സമർപ്പിച്ചിരുന്നുവോ;

(സി) ഭീകരസംഘടനകളുടെ പ്രവർത്തനങ്ങളെകുറിച്ച് സംസ്ഥാന പോലീസ് മേധാവി സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) കേരളം ഭീകരസംഘടനകളുടെ റിക്രൂട്ടിംഗ് ലക്ഷ്യം എന്ന നിലയ്ക്കുള്ള റിപ്പോർട്ടുകളൊന്നും സർക്കാരിന് പോലീസ് സമർപ്പിച്ചിട്ടില്ല.

മിഷേൽ ഷാജിയുടെ മരണം

74 (3101) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 671/2017 പ്രകാരമുള്ള മിഷേൽ ഷാജിയുടെ മരണം സംബന്ധിച്ച കേസന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

മിഷേൽ ഷാജിയുടെ മരണം സംബന്ധിച്ച് എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 671/2017 ആയി രജിസ്റ്റർ ചെയ്ത കേസ്

LIBRARY ARCHIVES Kerala Legislative Assembly